An easy way to success........................................

TALENT ACADEMY

NEYYAR APP

EDUCATION AT YOUR FINGERTIPS

GET IT ON Google Play

Download on the App Store

# WOMAN POLICE CONSTABLE (WOMAN POLICE BATTALION) EXAMINATION

## 08-07-2023

## QUESTION PAPER

CODE

A

1. താഴെ തന്നിരിക്കുന്ന സംഭവങ്ങളെ അവ നടന്ന ക്രമത്തിൽ രേഖപ്പെടുത്തിയ ഉത്തരം തിരഞ്ഞെടുത്തെഴുതുക.
   i) കയ്യൂർ സമരം
   ii) നിവർത്തന പ്രക്ഷോഭം 1932
   iii) പുന്നപ്ര വയലാർ സമരം 1946
   iv) പൂക്കോട്ടൂർ യുദ്ധം 1921

   A) iv, ii, i, iii
   B) ii, i, iii, iv
   C) i, iii, ii, iv
   D) iii, i, ii, iv

2. അസംഗാർ പ്രഖ്യാപനം ഏത് കലാപവുമായി ബന്ധപ്പെട്ടിരിക്കുന്നു ?
   A) സന്താൾ കലാപം
   B) ഡക്കാൻ കലാപം
   C) ശിപായി ലഹള
   D) ബോക്സർ ലഹള

3. താഴെ തന്നിരിക്കുന്ന മുദ്രാവാക്യങ്ങളിൽ സുഭാഷ് ചന്ദ്രബോസുമായി ബന്ധപ്പെട്ടത് എടുത്തെഴുതുക.
   A) സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്
   B) പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക
   C) എനിക്ക് രക്തം തരൂ, ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം നൽകാം
   D) ജയ് ജവാൻ ജയ് കിസാൻ

4. റഷ്യയിൽ കൂട്ടുകൃഷി സമ്പ്രദായത്തെ എതിർത്ത സമ്പന്നരായ ഭൂവുടമ വർഗ്ഗം ഏത് പേരിൽ അറിയപ്പെട്ടിരുന്നു ?
   A) കാർബൊണാരി
   B) ഗസ്റ്റപ്പൊ
   C) കുലാക്കുകൾ
   D) കരിങ്കുപ്പായക്കാർ

5. താഴെ തന്നിരിക്കുന്നവയിൽ റഷ്യൻ വിപ്ലവവുമായി ബന്ധമില്ലാത്തത് ഏത് ?
   A) ബ്ലഡി സൺഡെ
   B) ഡ്യൂമ
   C) ബാസ്റ്റൈൽ ജയിലിന്റെ പതനം
   D) യുദ്ധകാല കമ്മ്യൂണിസം

6. 2023-ൽ നാറ്റൊയിൽ അംഗത്വം നേടിയ രാജ്യമേത് ?
   A) ഫിൻലന്റ്
   B) ഫ്രാൻസ്
   C) നെതർലാന്റ്സ്
   D) പോളണ്ട്

7. ഇന്ത്യയിലെ ഒരു പ്രധാന ഹിൽസ്റ്റേഷൻ ആയ 'മൗണ്ട് അബു' സ്ഥിതി ചെയ്യുന്നത് എവിടെയാണ് ?
   A) രാജസ്ഥാൻ
   B) കർണ്ണാടക
   C) മഹാരാഷ്ട്ര
   D) മദ്ധ്യപ്രദേശ്

8. ചുവടെ കൊടുത്തിരിക്കുന്നവയിൽ 'ലാർജ്സ്കെയിൽ മാപ്പ്' ഏതാണ് ?
   A) ലോക ഭൂപടം
   B) ഏഷ്യ ഭൂപടം
   C) കഡസ്ട്രൽ ഭൂപടം
   D) ഇന്ത്യ ഭൂപടം

A

9. പശ്ചിമഘട്ടവും, പൂർവഘട്ടവും സന്ധിക്കുന്ന പ്രദേശം.
A) സത്പുര
B) നീലഗിരി
C) കൈലാസം
D) മഹേന്ദ്രഗിരി

10. ട്രോപോസ്ഫിയറിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന വാതകമേത് ?
A) ഓക്സിജൻ
B) ഹൈഡ്രജൻ
C) ഓസോൺ
D) നൈട്രജൻ

11. 'പാൻജിയ' എന്ന ആശയം ആദ്യമായി അവതരിപ്പിച്ചയാൾ.
A) ഹെൻറിഹെസ്സ്
B) ഇറാത്തോസ്തനീസ്
C) മോർഗൻ
D) ആൽഫ്രഡ് വെഗ്നർ

12. ഉത്തരായനരേഖ (23½°N) കടന്നു പോകാത്ത രാജ്യമേത് ?
A) മെക്സിക്കോ
B) ഇന്ത്യ
C) മാലി
D) ന്യൂസിലാന്റ്

13. റാബി വിളകൾ വിളവെടുക്കുന്ന സമയം.
A) ഡിസംബർ മുതൽ ജനുവരി വരെ
B) ജൂൺ മുതൽ ജൂലൈ വരെ
C) ഏപ്രിൽ മുതൽ മെയ് വരെ
D) സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ

14. മധ്യപ്രദേശിലെ 'പന്ന ഖനികൾ' എന്തിന്റെ ഉല്പാദനത്തിനാണ് പ്രസിദ്ധം ?
A) ചെമ്പ്
B) വജ്രം
C) സ്വർണ്ണം
D) ഇരുമ്പ്

15. 'സർബതി സോറോണ' എന്ന ഗോതമ്പിനം വികസിപ്പിച്ച കൃഷി ശാസ്ത്രജ്ഞൻ.
A) ഡോ. വർഗ്ഗീസ് കുര്യൻ
B) ഡോ. എം. എസ്. സ്വാമിനാഥൻ
C) ഡോ. നോർമൻ ബോർലോഗ്
D) ഇവരാരുമല്ല

16. നീതി ആയോഗിന്റെ ആസ്ഥാനം.
A) ന്യൂഡൽഹി
B) മുംബൈ
C) ആഗ്ര
D) ലക്നൗ

17. പുകയില ഉല്പാദിപ്പിക്കുന്ന കേരളത്തിലെ ഏക ജില്ല.
A) തിരുവനന്തപുരം
B) കോട്ടയം
C) കാസർഗോഡ്
D) ആലപ്പുഴ

18. 2023-ലെ ലോക ബാങ്കിന്റെ ലോജിസ്റ്റിക് പെർഫോമൻസ് സൂചികയിൽ ഇന്ത്യയുടെ സ്ഥാനം.
A) 27
B) 38
C) 16
D) 5

19. ജവഹർലാൽ നെഹ്റു മുന്നോട്ടുവച്ച ലക്ഷ്യപ്രമേയത്തെ, ''തെറ്റ്, നിയമവിരുദ്ധം, അപക്വമായത്, ദാരുണമായത്, അപകടകരം'' എന്നൊക്കെ വിശേഷിപ്പിച്ച ഭരണ ഘടനാ നിർമ്മാണ സഭാംഗം ആരായിരുന്നു ?
A) മുകുന്ദ് രാംറാവു ജയകർ
B) കെ. എം. മുൻഷി
C) അല്ലാഡി കൃഷ്ണസ്വാമി അയ്യർ
D) ഇവരാരുമല്ല

A

20. ചേരുംപടി ചേർക്കുക.

| A | B |
|---|---|
| 1) ഫസൽ അലി കമ്മീഷൻ | A) 1987 മെയ് |
| 2) ഭാഷയുടെ അടിസ്ഥാനത്തിലുള്ള ആദ്യ സംസ്ഥാന രൂപീകരണം | B) 2000 നവംബർ |
| 3) ഛത്തീസ്ഗഢ് രൂപീകരണം | C) 1953 ഒക്ടോബർ |
| 4) ഗോവാ സംസ്ഥാന രൂപീകരണം | D) 1953 ഡിസംബർ |

A) 1 – A, 2 – B, 3 – C, 4 – D
B) 1 – D, 2 – C, 3 – B, 4 – A
C) 1 – B, 2 – A, 3 – D, 4 – C
D) 1 – D, 2 – A, 3 – B, 4 – C

21. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

1) ഇന്ത്യൻ ഭരണഘടന ഒരു ദൃഢഭരണഘടനയാണ്.
2) ഇന്ത്യൻ ഭരണഘടന ആദ്യമായി ഭേദഗതി ചെയ്തത് 1951-ൽ ആണ്.
3) ഭരണഘടനാ ഭേദഗതി ബിൽ ആദ്യം അവതരിപ്പിക്കേണ്ടത് ലോകസഭയിലാണ്.
4) ഇന്ത്യൻ ഭരണഘടനയിൽ അവസാനമായി പാസ്സാക്കിയ ഭേദഗതിയിൽ ഒപ്പുവച്ചത് റാം നാഥ് കോവിന്ദ് ആണ്.

A) 2, 4
B) 1, 3
C) 1, 2, 4
D) 2, 3, 4

22. ഇന്ത്യൻ ഭരണഘടനാവകുപ്പുകൾ ചേരുംപടി ചേർക്കുക.

| A | B |
|---|---|
| 1) നിയമപരമായ അവകാശമാണ് സ്വത്തവകാശം | A) 44-ാം വകുപ്പ് |
| 2) ഭരണഘടനാ ഭേദഗതി | B) 300 A-ാം വകുപ്പ് |
| 3) അവശിഷ്ടാധികാരങ്ങൾ | C) 368-ാം വകുപ്പ് |
| 4) ഏകീകൃത സിവിൽ കോഡ് | D) 248-ാം വകുപ്പ് |

A) 1 – B, 2 – C, 3 – D, 4 – A
B) 1 – C, 2 – D, 3 – A, 4 – B
C) 1 – B, 2 – D, 3 – A, 4 – C
D) 1 – D, 2 – C, 3 – A, 4 – B

23. താഴെ തന്നിരിക്കുന്ന വിഷയങ്ങളിൽ നിന്നും കൺകറന്റ് ലിസ്റ്റിൽപ്പെട്ടവ കണ്ടെത്തുക.

1) പൗരത്വം
2) വിവാഹമോചനം
3) ലോട്ടറികൾ
4) വനം
5) ബാങ്കിംഗ്
6) കുടുംബാസൂത്രണം
7) പോലീസ്
8) മദ്യം

A) 1, 7, 8
B) 5, 6, 8
C) 2, 4, 6
D) 2, 3, 4

24. പഞ്ചായത്തീരാജുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ ?

1) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ഭരണഘടനാ അംഗീകാരം നൽകണമെന്ന് ശുപാർശ ചെയ്ത കമ്മിറ്റിയാണ് P. K. തുംഗൻ കമ്മിറ്റി.
2) ഇ. എം. എസ്. നമ്പൂതിരിപ്പാട് അശോക്മേത്താകമ്മിറ്റിയിലെ അംഗമായിരുന്നു.
3) ഭരണഘടനയുടെ 71-ാം ഭേദഗതി പഞ്ചായത്തീരാജുമായി ബന്ധപ്പെട്ടിരിക്കുന്നു.
4) ഇന്ത്യയിൽ ആദ്യമായി പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നത് 1959 ഒക്ടോബർ 2-ന് രാജസ്ഥാനിലാണ്.

A) 1, 2, 3, 4
B) 1, 2, 3
C) 2, 3, 4
D) 1, 2, 4

25. ഇന്ത്യൻ പ്രധാനമന്ത്രിമാരെ കാലക്രമത്തിൽ ക്രമപ്പെടുത്തുക.
1) ഇന്ദിരാഗാന്ധി
2) വിശ്വനാഥ് പ്രതാപ് സിംങ്
3) പി. വി. നരസിംഹ റാവു
4) അടൽ ബിഹാരി വാജ്പേയി
5) ലാൽ ബഹദൂർ ശാസ്ത്രി
6) രാജീവ് ഗാന്ധി
A) 5, 3, 2, 1, 4, 6
B) 5, 3, 4, 6, 2, 1
C) 1, 5, 3, 6, 2, 4
D) 5, 1, 6, 2, 3, 4

26. ഇന്ത്യയുടെ പത്താമത്തെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറായിരുന്ന തിരുനെല്ലായി നാരായണയ്യർ ശേഷൻ അന്തരിച്ചത് എന്ന് ?
A) 2018 നവംബർ 10
B) 2019 നവംബർ 10
C) 2020 നവംബർ 10
D) 2021 നവംബർ 10

27. താഴെ തന്നിരിക്കുന്നവരിൽ കേരളത്തിലെ വിദ്യാഭ്യാസ മന്ത്രി ആയിട്ടില്ലാത്തത് ആര് ?
1) ടി. എം. ജേക്കബ്
2) നാലകത്ത് സൂപ്പി
3) ശിവൻകുട്ടി
4) സി. അച്ചുതമേനോൻ
5) പി. ജെ. ജോസഫ്
A) 5
B) 4
C) 1
D) 2

28. വിധവാ പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനായി, വിധവകൾ/വിവാഹമോചിതർ എന്നിവർക്ക് പുനർവിവാഹത്തിന് സാമ്പത്തിക സഹായം നൽകുന്ന കേരള സർക്കാർ പദ്ധതി ഏത് ?
A) കാതോർത്ത് പദ്ധതി
B) അഭയകിരണം പദ്ധതി
C) മംഗല്യം പദ്ധതി
D) ആശ്വാസനിധി പദ്ധതി

29. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായ പ്രസ്താവന ഏത് ?
A) 1978-ൽ കേരള ചുമട്ടുതൊഴിലാളി നിയമം നിലവിൽ വന്നു
B) കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് സ്ഥാപിതമായത് 1957-ലാണ്
C) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സ്ഥാപിതമായത് 1960-ലാണ്
D) 1984-ൽ കേരളാവാട്ടർ അതോറിറ്റി രൂപീകരിച്ചു

30. ഇന്ത്യൻ ഭരണഘടനയുടെ 370-ാം വകുപ്പ് റദ്ദാക്കുകയും, ഒരു പുന:സംഘടനാ നിയമം പാസ്സാക്കി, ജമ്മു-കാശ്മീർ, ലഡാക്ക് എന്നീ രണ്ടു കേന്ദ്രഭരണപ്രദേശങ്ങൾ പ്രാബല്യത്തിൽ വന്നത് എന്ന് ?
A) 2019 ഒക്ടോബർ
B) 2019 നവംബർ
C) 2019 ഡിസംബർ
D) ഇവയൊന്നുമല്ല

31. ''ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി'' എന്ന മുദ്രാവാക്യം എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു ?
A) G.20 ഉച്ചകോടി
B) ഭൗമ ഉച്ചകോടി
C) ലോകാരോഗ്യ സംഘടന
D) G.7 ഉച്ചക്കോടി

32. മനുഷ്യഹൃദയത്തിലെ ഏതു അറയുടെ ഭിത്തിക്കാണ് ഏറ്റവും കൂടുതൽ കട്ടിയുള്ളത് ?
A) വലത് ഏട്രിയം
B) വലത് വെൻട്രിക്കിൾ
C) ഇടത് ഏട്രിയം
D) ഇടത് വെൻട്രിക്കിൾ

33. ജീവകം $B_6$ ന്റെ രാസനാമം.
A) പിരിഡോക്സിൻ
B) പാന്റോതെനിക് ആസിഡ്
C) ബയോട്ടിൻ
D) നിയാസിൻ

34. പ്രമേഹത്തിന്റെ ഏതു വകഭേദത്തെയാണ് ജീവിതശൈലി രോഗമായി കണക്കാക്കുന്നത് ?
A) ടൈപ്പ് 1 പ്രമേഹം
B) ഡയബറ്റിസ് ഇൻസിപ്പിഡസ്
C) ടൈപ്പ് 2 പ്രമേഹം
D) കീറ്റോനൂറിയ

35. ഫംഗസ് മുഖേന മനുഷ്യരിൽ ഉണ്ടാകുന്ന ഒരു രോഗം.
A) സിഫിലിസ്
B) റിങ് വേം
C) സോറിയാസിസ്
D) ഗൊണോറിയ

36. 'ആർദ്രം' പദ്ധതി കേരളത്തിൽ നടപ്പാക്കിയ വർഷം ഏത് ?
A) 2016
B) 2019
C) 2021
D) 2022

37. മനുഷ്യന്റെ ആരോഗ്യത്തോടൊപ്പം മൃഗങ്ങളുടേയും പരിസ്ഥിതിയുടേയും ആരോഗ്യം നിലനിറുത്തി രോഗപ്രതിരോധം കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യവകുപ്പ് ആവിഷ്കരിച്ച പദ്ധതി.
A) വിവാ കേരളം
B) വൺ ഹെൽത്ത്
C) വി-മിഷൻ
D) പരിരക്ഷ

38. ഭൂമിയുടെ കേന്ദ്ര ഭാഗത്ത് ഗുരുത്വാകർഷണം മൂലമുള്ള ത്വരണത്തിന്റെ മൂല്യം എത്രയാണ് ?
A) 10
B) 9.8
C) 4.9
D) 0

39. 2 കിലോഗ്രാം ഭാരമുള്ള ഒരു വസ്തുവിനെ 2 മീറ്റർ ഉയരത്തിൽ എത്തിക്കാൻ ആവശ്യമായ പ്രവർത്തിയുടെ അളവ് എത്രയാണ് ?
A) 19.6
B) 4
C) 39.2
D) 1

40. ''മരീചിക'' ഏത് പ്രതിഭാസം മൂലമാണ് ഉണ്ടാകുന്നത് ?
A) പ്രകീർണ്ണനം
B) പൂർണ്ണ ആന്തരിക പ്രതിഫലനം
C) പോളറൈസേഷൻ
D) ഇതൊന്നുമല്ല

41. ''റാണി രാംപാൽ'' ഏത് കായിക മേഖലയുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത് ?
A) ഗുസ്തി
B) ഹോക്കി
C) ക്രിക്കറ്റ്
D) ഫുട്ബോൾ

42. വാതകങ്ങളുടെ മർദ്ദവും താപനിലയും തമ്മിലുള്ള ബന്ധം പ്രസ്താവിക്കുന്ന നിയമം.
A) ബോയിൽ നിയമം
B) ചാൾസ് നിയമം
C) ഗേലുസാക്ക് നിയമം
D) അവഗാഡ്രോ നിയമം

43. $3d^{10}4s^1$ എന്ന ബാഹ്യതമ ഇലക്ട്രോൺ വിന്യാസമുള്ള മൂലകം ________ ൽ ഉൾപ്പെടുന്നു.
A) s ബ്ലോക്ക്
B) p ബ്ലോക്ക്
C) d ബ്ലോക്ക്
D) f ബ്ലോക്ക്

44. മനുഷ്യ ഉമിനീരിന്റെ pH മൂല്യം എത്ര ?
A) 6.4
B) 7
C) 10
D) 7.4

45. 2022-ലെ രസതന്ത്രത്തിനുള്ള നോബൽ സമ്മാനം ലഭിച്ച ശാസ്ത്രജ്ഞൻ ഇവരിൽ ആരാണ് ?
A) ബെഞ്ചമിൻ ലിസ്റ്റ്
B) കരോളിൻ ആർ. ബെർട്ടോസി
C) ഡേവിഡ് മാക്മില്ല്യൻ
D) ഫ്രാൻസിസ് എച്ച്. ആർണോൾഡ്

46. കഴിഞ്ഞകാലം ആരുടെ ആത്മകഥയാണ് ?
A) തിക്കോടിയൻ
B) ഇടശ്ശേരി
C) കെ. പി. കേശവമേനോൻ
D) ഇ. എം. എസ്.

47. കൊല്ലവർഷം ആരംഭിച്ചതെന്ന് ?
A) AD 845 ഓഗസ്റ്റ് 16
B) AD 825 ഓഗസ്റ്റ് 15
C) AD 824 ഓഗസ്റ്റ് 16
D) AD 826 ഓഗസ്റ്റ് 15

48. നീലംപേരൂർ പടയണി ആഘോഷിച്ചു വരുന്ന ജില്ല.
A) കോട്ടയം
B) പത്തനംതിട്ട
C) ആലപ്പുഴ
D) കൊല്ലം

49. ഭാരതരത്നം ലഭിക്കുന്ന ആദ്യ കായികതാരം.
A) ധ്യാൻചന്ദ്
B) മിൽഖാസിംഗ്
C) സൗരവ് ഗാംഗുലി
D) സച്ചിൻ തെണ്ടുൽക്കർ

50. 2023-ലെ സ്വാതിതിരുനാൾ സംഗീത പുരസ്കാര ജേതാവ് ആര് ?
A) K. J. യേശുദാസ്
B) എം. ജയചന്ദ്രൻ
C) പി. ജയചന്ദ്രൻ
D) കെ. എസ്. ചിത്ര

51. ഒരു തൊഴിൽ സ്ഥാപനത്തിലെ പുരുഷന്മാരുടേയും സ്ത്രീകളുടേയും എണ്ണം 6:5 എന്ന അംശബന്ധത്തിലാണ്. അതിൽ $\frac{1}{10}$ സ്ത്രീകൾ പിരിഞ്ഞു പോയാൽ ഇപ്പോഴത്തെ അംശബന്ധം എത്ര ?
A) 1:2
B) 4:3
C) 3:4
D) 2:1

52. ഒരു മണിക്കൂറിൽ $41\frac{2}{3}$ കി. മീ. വേഗതയിൽ സഞ്ചരിക്കുന്ന ഒരു കാർ $4\frac{1}{2}$ മണിക്കൂർ കൊണ്ട് എത്ര ദൂരം സഞ്ചരിക്കും ?

A) 1875 മീ.
B) 18750 മീ.
C) 187500 മീ.
D) 1875000 മീ.

53. ഒരു വസ്തുവിന്റെ വില 20% കുറച്ച് 200 രൂപ ആയി. പിന്നീടത് 150 രൂപയ്ക്ക് വിറ്റു. ആകെ വന്ന നഷ്ടശതമാനം എത്ര ?

A) 50%
B) 40%
C) 30%
D) 70%

54. വിട്ടുപോയ സംഖ്യ ഏത് ?

10, 43, 175, ____, 2815

A) 315
B) 633
C) 1320
D) 703

55. ഒരു കുപ്പിയിൽ 0.9 ലിറ്റർ വെള്ളമുണ്ട്. 0.15 ലിറ്റർ കൊള്ളുന്ന എത്ര ഗ്ലാസുകൾ ഇതുകൊണ്ട് നിറയ്ക്കാം ?

A) 5
B) 6
C) 8
D) 4

56. ഒരു കുടുംബത്തിലെ 5 കുട്ടികൾ തമ്മിൽ 3 വയസ്സ് വ്യത്യാസമാണുള്ളത്. എല്ലാവരുടേയും വയസ്സുകളുടെ തുക 50 ആണ്. എങ്കിൽ ഇളയകുട്ടിയുടെ വയസ്സ് എത്ര ?

A) 4
B) 8
C) 5
D) 10

57. 6 മിനിട്ടുകൊണ്ട് ഒരു ടാങ്കിന്റെ $\frac{3}{5}$ ഭാഗം നിറഞ്ഞു. ഇനി നിറയാൻ എത്ര മിനിട്ടു വേണം ?

A) 6 മിനിട്ട്
B) 3 മിനിട്ട്
C) 5 മിനിട്ട്
D) 4 മിനിട്ട്

58. FLATTER എന്ന വാക്കിനെ 7238859 എന്നും MOTHER എന്ന വാക്കിനെ 468159 എന്നും കോഡ് ചെയ്യാമെങ്കിൽ MAMMOTH എന്ന വാക്കിന്റെ കോഡ് എങ്ങനെയാണ് ?

A) 4344681
B) 4344651
C) 4146481
D) 4346481

59. മൂന്നു യൂണിറ്റ് പരീക്ഷകൾ നടത്തിയതിൽ ആദ്യത്തെ രണ്ട് പരീക്ഷകളിൽ രവിയ്ക്ക് യഥാക്രമം 70, 75 എന്നീ മാർക്കുകൾ ലഭിച്ചു. ശരാശരി 60 മാർക്ക് ലഭിക്കണമെങ്കിൽ മൂന്നാമത്തെ യൂണിറ്റ് പരീക്ഷയിൽ രവിയ്ക്ക് ലഭിക്കേണ്ട മാർക്ക് എത്ര ?

A) 30
B) 35
C) 48
D) 70

60. $7\frac{3}{8} + 11\frac{1}{2} - 7\frac{3}{4} + 5\frac{5}{6}$ എത്ര ?

A) $16\frac{22}{44}$
B) $17\frac{23}{24}$
C) $16\frac{19}{24}$
D) $16\frac{23}{24}$

61. The feminine form of Bachelor is
A) maid B) widow C) spinster D) lady

62. My grandparents used to give me a lot of sagacious advice.
Find the antonym for the word sagacious.
A) wise B) foolish C) insightful D) prudent

63. Convert the Assertive Sentence into its Interrogative form.
Yes, they speak French.
A) Do they speak French ? B) What they speak ?
C) Does they speak French ? D) How they speak well ?

64. Fill in the blank with appropriate question tag.
No one was injured in the accident, ________
A) were they ? B) was he ?
C) would they ? D) didn't they ?

65. Travel will acquaint you _______ new customs.
A) to B) on C) about D) with

66. *The bridge course gives the students a _______ in the following academic year.*
*A) hands on* B) forty winks
*C) brain drain* D) leg up

67. ________ we are of the opinion that he is involved in the fraud.
A) Pro bono B) Prima facie
C) Ex gratia D) Status quo

68. 'Would you like to join our Drama group ?' Ann asked me.
The Indirect Speech form of the given sentence is
A) Ann asked that I like to join their Drama group.
B) Ann asked me if you would like to join my Drama group.
C) Ann asked me if I would like to join their Drama group.
D) Ann asked whether you join our Drama group.

69. They are delivering it this afternoon.
The passive form of the given sentence is
A) They had delivered it this afternoon.
B) This afternoon they are delivering it.
C) It is being delivered this afternoon.
D) It is delivered by them this afternoon.

70. The beggar was _______ by a car.
A) run up B) run along
C) run out of D) run down

71. ശരിയായ പദനിര കണ്ടെത്തുക.

A) സമ്രാട്ട്, തത്ത്വം, കഥനം
B) മൂഢൻ, ഗ്രന്ഥി, ബിരുധം
C) ചെതൽ, മിറ്റം, എങ്ങിനെ
D) അടിമത്വം, ഐശ്ചികം, ആവിശ്യം

72. താഴെ കൊടുത്തിട്ടുള്ള വാക്യങ്ങളിൽ ശരിയായത് കണ്ടെത്തുക.

A) യോഗത്തിൽ ഏകദേശം അമ്പതോളം ആളുകൾ പങ്കെടുത്തു
B) ഏകദേശം യോഗത്തിൽ അമ്പതോളം ആളുകൾ പങ്കെടുത്തു
C) യോഗത്തിൽ അമ്പതോളം ആളുകൾ പങ്കെടുത്തു
D) ആളുകൾ ഏകദേശമായി അമ്പതോളം പങ്കെടുക്കുകയുണ്ടായി

73. And miles to go before I sleep എന്ന വരിയുടെ ശരിയായ മലയാള വിവർത്തനം ഏത് ?

A) എനിക്ക് വിശ്രമിച്ചിട്ടു വേണം ഇനിയും നടക്കുവാൻ
B) വിശ്രമിക്കുന്നതിന് മുമ്പ് എനിക്ക് ഏറെ ദൂരം താണ്ടുവാനുണ്ട്
C) യാത്രയ്ക്ക് മുമ്പ് ഉറക്കത്തിലൂടെ വിശ്രമിക്കാനുണ്ട്
D) വിശ്രമിച്ചില്ലെങ്കിൽ മൈലുകൾ താണ്ടാനാവില്ല

74. ജയിക്കാൻ ആഗ്രഹിക്കുന്നയാൾ എന്നതിന്റെ ഒറ്റപ്പദം.

A) ജിജ്ഞാസു
B) ജിഗമിഷ
C) വിജിഗീഷു
D) പിപഠിഷു

75. ശരിയായ പര്യായപദം രേഖപ്പെടുത്തിയ പദനിര കണ്ടെത്തുക.

1) രിപു, ഹരി, വൈരി
2) ഗഗനം, നഭസ്സ്, വ്യോമം
3) നഗം, അചലം, വിപിനം
4) അശ്വം, ദ്യൂതം, ദേവനം

A) രണ്ട്
B) മൂന്ന്
C) ഒന്ന്
D) നാല്

76. 'ന്യൂനം' എന്ന പദത്തിന്റെ വിപരീത പദം കണ്ടെത്തുക.

A) ആധിക്യം
B) മന്ദം
C) അന്യൂനം
D) ന്യൂനരഹിതം

77. ശക്തിമത്താവുക, കഠിനമായി വർദ്ധിക്കുക എന്നിങ്ങനെ അർത്ഥം വരുന്ന ശൈലി ഏത് ?

A) കൊട്ടുകാൽ അടിക്കുക
B) കൊടുംപിരി കൊള്ളുക
C) കൊട്ടിക്കലാശിക്കുക
D) കൊട്ടുന്ന കോലിന് തുള്ളുക

78. താഴെ കൊടുത്തിട്ടുള്ള പദങ്ങളിൽ ബഹുവചനത്തെ കുറിക്കുന്ന അലിംഗവചന പ്രത്യയം ചേർന്ന രൂപമേത് ?

A) അമ്മമാർ
B) സ്വാമികൾ
C) മിടുക്കന്മാർ
D) അദ്ധ്യാപകർ

79. ഉന്നമ്രം എന്ന പദം പിരിച്ചെഴുതുമ്പോൾ കിട്ടുന്ന ശരിയായ രണ്ടു പദങ്ങൾ കണ്ടെത്തുക.

A) ഉത് + നമ്രം
B) ഉന്ന് + നമ്രം
C) ഉൻ + നമ്രം
D) ഉന്ന + നമ്രം

80. സമുച്ചയാർത്ഥത്തിൽ തുല്യമായ ഘടകപദങ്ങളാക്കാൻ കഴിയുന്ന പദമേത് ?

A) രൂപധാരണം
B) രൂപലാവണ്യം
C) രൂപഭാവങ്ങൾ
D) രൂപകാംഗം

81. ഒരു പോലീസ് ഉദ്യോഗസ്ഥന് വാറന്റ് കൂടാതെ അറസ്റ്റ് ചെയ്തയാളെ മജിസ്ട്രേറ്റിന്റെ ഉത്തരവ് കൂടാതെ തടങ്കലിൽ വയ്ക്കാവുന്ന ഉയർന്ന സമയപരിധി.

A) 24 മണിക്കൂർ

B) 15 ദിവസം

C) 10 വർഷമോ അതിൽ കൂടുതലോ തടവു ശിക്ഷ ലഭിക്കാൻ സാധ്യതയുള്ള കുറ്റം ചെയ്തയാളെ 90 ദിവസം

D) 10 വർഷത്തിൽ താഴെ ശിക്ഷ ലഭിക്കാൻ സാധ്യതയുള്ള കുറ്റം ചെയ്തയാളെ 60 ദിവസം

82. സാക്ഷികളായി കോടതിയിൽ വിളിപ്പിക്കാൻ സാധിക്കാത്ത വ്യക്തികളുടെ പ്രസ്താവനകൾ തെളിവായി കോടതി കണക്കാക്കുന്നത് ഏതൊക്കെ സാഹചര്യങ്ങളിലാണ് ?

1) പ്രസ്താവന അതു ചെയ്യുന്ന ആളുടെ ധനപരമോ ഉടമയെന്ന നിലയിലോ ഉള്ള താൽപര്യത്തിന് എതിരാവുമ്പോൾ.

2) പോലീസ് തടങ്കലിൽ വച്ചു നടത്തുന്ന കുറ്റസമ്മതം.

3) പ്രസ്താവന ബന്ധുത്വത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ചതായാൽ.

4) പ്രസ്താവനകൾ വാദ തടസ്സമാവുമ്പോൾ.

A) എല്ലാ പ്രസ്താവനകളും ശരിയാണ്

B) പ്രസ്താവനകൾ (1), (3), (4) ശരിയാണ്

C) പ്രസ്താവനകൾ (2), (3), (4) ശരിയാണ്

D) പ്രസ്താവനകൾ (3) ഉം (4) ഉം ഒഴികെയുള്ളവ ശരിയാണ്

83. ഒരു സ്വകാര്യ വ്യക്തിക്ക് നിയമപ്രകാരം മറ്റൊരാളെ അറസ്റ്റ് ചെയ്യാവുന്ന സാഹചര്യങ്ങൾ ഏതെല്ലാമാണ് ?

A) ജാമ്യം അനുവദിക്കേണ്ടതല്ലാത്തതും വാറണ്ട് കൂടാതെ പോലീസിന് നേരിട്ടെടുക്കാവുന്നതുമായ ഒരു കുറ്റം സാന്നിധ്യത്തിൽ നടന്നാൽ

B) ജാമ്യത്തിന് അർഹതയുള്ളതും പോലീസിന് വാറണ്ട് കൂടി മാത്രം എടുക്കാവുന്ന ഒരു കുറ്റം സാന്നിധ്യത്തിൽ നടന്നാൽ

C) ഗുരുതരമായ ഏതു കുറ്റം നടന്നാലും ബലപ്രയോഗം കൂടാതെ അറസ്റ്റ് ചെയ്യാവുന്നതാണ്

D) ജാമ്യം ലഭിക്കാവുന്നതും പോലീസിന് നേരിട്ട് എടുക്കാവുന്നതുമായ കുറ്റം സാന്നിധ്യത്തിൽ നടന്നാൽ

84. ഇന്ത്യൻ തെളിവ് നിയമപ്രകാരം താഴെ പറയുന്നതിൽ ഏതു കുറ്റസമ്മതമാണ് സ്വീകാര്യമായത് ?

1) ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ തടങ്കലിൽ വച്ച് നടത്തുന്നത്

2) മാപ്പുസാക്ഷിയാക്കാമെന്ന വ്യവസ്ഥയിൽ പോലീസ് കസ്റ്റഡിയിൽ വച്ച് നടത്തുന്നത്

3) മജിസ്ട്രേറ്റിന് മുമ്പാകെ നടത്തുന്നത്

4) പോലീസ് തടങ്കലിൽ വച്ച് നടത്തിയ കുറ്റസമ്മതത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും വസ്തുത കണ്ടെത്തിയിട്ടുണ്ടെങ്കിൽ

A) (1), (2), (3) ശരിയാണ്

B) (2), (3) ശരിയാണ്

C) (3), (4) ശരിയാണ്

D) എല്ലാ പ്രസ്താവനകളും ശരിയാണ്

85. വിചാരണ നടത്തുന്നതിൽ കോടതിക്കുള്ള അധികാരിതയെ സംബന്ധിച്ച താഴെ പറയുന്നവയിൽ ശരിയായത് തിരഞ്ഞെടുക്കുക.

1) കുറ്റകൃത്യം തുടരുന്ന ഒന്നായിരിക്കുകയും ഒന്നിലധികം തദ്ദേശ പ്രദേശങ്ങളിൽ വച്ച് തുടരുകയും ചെയ്യുന്നതാണെങ്കിൽ തദ്ദേശ പ്രദേശങ്ങളിൽ അധികാരിത ഉള്ള ഏതു കോടതിക്കും വിചാരണ ചെയ്യാം.

2) കക്ഷിയുടെ അപേക്ഷയിൻമേൽ ഏതു കുറ്റവും ഏതു കോടതിയിലും വിചാരണ ചെയ്യാം.

3) കുറ്റം ചെയ്തത് ഒരു കോടതിയുടെ പരിധിയിലും അതിന്റെ അനന്തര ഫലം ഉണ്ടായത് വേറെ കോടതിയുടെ പരിധിയിലും ആണെങ്കിൽ, കുറ്റം ചെയ്ത പ്രദേശത്തിന്റെ അധികാരിത ഉള്ള കോടതിയിൽ മാത്രമേ വിചാരണ ചെയ്യാവൂ.

4) ആളെ തട്ടിക്കൊണ്ടു പോകുന്ന കുറ്റത്തിന്റെ വിചാരണ, അയാളെ ഒളിപ്പിച്ചു വച്ച സ്ഥലത്തെ കോടതിയിൽ നടത്താവുന്നതാണ്.

A) എല്ലാ പ്രസ്താവനയും ശരിയാണ്

B) (3) ഉം (4) ഉം ശരിയാണ്

C) (1) ഉം (2) ഉം ശരിയാണ്

D) (1) ഉം (4) ഉം ശരിയാണ്

86. താഴെ പറയുന്നതിൽ ഏത് അവകാശമാണ് ഒരു പൗരന് പോലീസ് സ്റ്റേഷനിൽ പ്രാപ്തമായിട്ടുള്ളത് ?

1) ഒരു പ്രത്യേക വ്യക്തി പോലീസ് കസ്റ്റഡിയിൽ ഉണ്ടോ എന്ന് അറിയാൻ.

2) എല്ലാ കേസുകളിലും സ്റ്റേഷൻ ജാമ്യം കിട്ടുന്നതിന് അവകാശം ഉണ്ട്.

3) സ്ത്രീകൾക്ക് സ്വകാര്യതയോടെ പരാതി കൊടുക്കാൻ.

4) പരാതി നൽകിയതിന്റെ കൈപ്പറ്റ് രസീത് കിട്ടാൻ.

A) (1), (2), (3), (4) ശരിയാണ്

B) (1), (2), (4) ശരിയാണ്

C) (1), (3), (4) ശരിയാണ്

D) (2), (3), (4) ശരിയാണ്

87. വലിയ അളവിൽ മയക്കുമരുന്ന് കടത്തുന്നതിന് ആവർത്തിച്ച് ശിക്ഷ ലഭിച്ചിട്ടുള്ള വ്യക്തി, വീണ്ടും അതേ കുറ്റം ചെയ്താൽ S. 31. A പ്രകാരം നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസ് നിയമത്തിൽ അനുശാസിക്കുന്ന ശിക്ഷ.

A) ജീവപര്യന്തം തടവ്

B) 10 വർഷം വരെ കഠിന തടവ്

C) വധശിക്ഷ

D) 7 വർഷം തടവ്

88. പോലീസിന്റെ കൃത്യ നിർവഹണത്തിന് സഹായകമാവുന്നതിനായി കമ്മ്യൂണിറ്റി സമ്പർക്ക സമിതികൾ രൂപീകരിക്കുന്നതിനെ കുറിച്ച് ഏതു നിയമമാണ് പ്രതി പാദിക്കുന്നത് ?

A) വകുപ്പ് 64 പോലീസ് ആക്ട്

B) വകുപ്പ് 50 പോലീസ് ആക്ട്

C) വകുപ്പ് 64 ക്രിമിനൽ നടപടി ക്രമം

D) വകുപ്പ് 50 ക്രിമിനൽ നടപടി ക്രമം

89. ഒരു കളവ് ചെയ്യണമെന്ന സ്വന്തം ഇഷ്ട പ്രകാരം മന:പൂർവ്വമായി ആർക്കെങ്കിലും മരണം ഉണ്ടാക്കുന്ന കുറ്റം ഏതാണ് ?

A) കവർച്ച
B) മോഷണം
C) കഠിന ദേഹോപദ്രവം
D) ഭയപ്പെടുത്തി അപഹരിക്കൽ

90. പോലീസ് ആക്ട് പ്രകാരം സ്പെഷ്യൽ പോലീസ് ഓഫീസർ ആയി താൽക്കാലിക നിയമനത്തിന് പരിഗണിക്കപ്പെടാവുന്ന വ്യക്തിയുടെ പ്രായപരിധി.

A) 21 വയസ് മുതൽ 60 വയസു വരെ
B) 18 വയസ് മുതൽ 60 വയസു വരെ
C) 21 വയസ് മുതൽ 55 വയസു വരെ
D) 18 വയസ് മുതൽ 55 വയസു വരെ

91. മറ്റു വ്യക്തിയുടെ എ. ടി. എം. കാർഡ് ഉപയോഗിച്ച് മോഷണം നടത്തുന്നത് ശിക്ഷാർഹമാക്കുന്നത് ഏത് നിയമം ആണ് ?

A) വകുപ്പ് 70 ഇൻഫർമേഷൻ ടെക്നോളജി നിയമം
B) വകുപ്പ് 70 ഇന്ത്യൻ ശിക്ഷാ നിയമം
C) വകുപ്പ് 66 ഇൻഫർമേഷൻ ടെക്നോളജി നിയമം
D) വകുപ്പ് 66 ഇന്ത്യൻ ശിക്ഷാനിയമം

92. അടുത്തുള്ള വസ്തുക്കളിൽ താമസിക്കുന്ന വ്യക്തികൾക്ക് പൊതുവായ ഒരു ദോഷം തീർച്ചയായും ഉണ്ടാവും എന്ന അറിവോടും ഉദ്ദേശത്തോടും കൂടി ഒരു പ്രവൃത്തി ചെയ്യുന്നത് ഇന്ത്യൻ ശിക്ഷാ നിയമത്തിൽ ഏതു വകുപ്പിലാണ് പെടുത്തിയിട്ടുള്ളത് ?

A) വകുപ്പ് 268
B) വകുപ്പ് 309
C) വകുപ്പ് 200
D) വകുപ്പ് 280

93. മയക്കു മരുന്നിന്റെ ദുരുപയോഗവും കള്ളക്കടത്തും ശിക്ഷാർഹമാക്കുന്നതിന് കൊണ്ടുവന്ന പ്രത്യേക നിയമം.

A) ഇന്ത്യൻ ശിക്ഷാ നിയമം
B) നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസ് നിയമം
C) നാർക്കോട്ടിക് സബ്സ്റ്റൻസ് ആന്റ് ഓപ്പിയം നിയന്ത്രണ നിയമം
D) ഇന്ത്യൻ രാജ്യസുരക്ഷ നിയമം

94. താഴെ പറയുന്നതിൽ വിവര സാങ്കേതിക നിയമപ്രകാരം ജീവപര്യന്തം വരെ തടവു ശിക്ഷ ലഭിക്കാവുന്ന കുറ്റം.

A) വ്യക്തി വിവര മോഷണം
B) സ്വകാര്യത നശിപ്പിക്കൽ
C) സ്ത്രീകളെ അപമാനിക്കൽ
D) സൈബർ ടെററിസം

95. വിവരാവകാശ നിയമപ്രകാരം താഴെ പറയുന്നവയിൽ നിന്ന് ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക.

1) പാർലമെന്റിന്റെ വിശേഷ അവകാശത്തിന് ലംഘനമായേക്കാവുന്ന വിവരങ്ങൾ വെളിപ്പെടുത്തേണ്ടതില്ല.

2) വിവരാവകാശ നിയമപ്രകാരം വിവരം ലഭ്യമാക്കുന്നതിന് സമയപരിധി നിഷ്കർഷിച്ചിട്ടുണ്ട്.

3) വിവരം എന്നതിന്റെ നിർവചനത്തിൽ ഇലക്ട്രോണിക് രൂപത്തിൽ സൂക്ഷിച്ചിരുന്ന വസ്തുക്കൾ ഉൾപ്പെടുന്നില്ല.

4) വിവരം ലഭ്യമാക്കുന്നതിൽ പൊതുതാൽപര്യത്തിന് പ്രാധാന്യം ഉണ്ട്.

A) പ്രസ്താവനകൾ എല്ലാം ശരിയാണ്

B) പ്രസ്താവനകൾ (1), (2), (4) ശരിയാണ്

C) പ്രസ്താവനകൾ (1), (2), (3) ശരിയാണ്

D) പ്രസ്താവനകൾ (2), (3), (4) ശരിയാണ്

96. വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന വിവരം മൂന്നാമതൊരു വ്യക്തിയുടെ പക്കൽ നിന്ന് സ്വീകരിക്കേണ്ടതും ആയത് ആ വ്യക്തി രഹസ്യമായി കരുതുന്നതും ആണെങ്കിൽ അനുവർത്തിക്കേണ്ട നടപടികൾ.

A) വകുപ്പ് 11 വിവരാവകാശ നിയമം
B) വകുപ്പ് 10 വിവരാവകാശ നിയമം
C) വകുപ്പ് 8 വിവരാവകാശ നിയമം
D) വകുപ്പ് 7 വിവരാവകാശ നിയമം

97. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിനായി ഉണ്ടാക്കിയ പോക്സോ നിയമം നിലവിൽ വന്ന വർഷം.

A) 2013
B) 2014
C) 2012
D) 2015

98. പുരുഷത്വമില്ലാതാക്കുന്ന രീതിയിൽ ഒരാളെ ദേഹോപദ്രവം ഉണ്ടാക്കുന്നത് ഇന്ത്യൻ ശിക്ഷാനിയമത്തിൽ ഏത് കുറ്റമാണ് ?

A) ദേഹോപദ്രവം
B) കഠിന ദേഹോപദ്രവം
C) ലൈംഗിക പീഡനം
D) വധശ്രമം

99. വിവാഹിതയായ സ്ത്രീകൾ അസ്വഭാവിക സാഹചര്യങ്ങളിൽ മരണപ്പെടുമ്പോൾ സ്ത്രീധനമരണമായി കണക്കാക്കുന്നത് വിവാഹ ശേഷം എത്ര വർഷങ്ങൾക്കുള്ളിൽ സ്ത്രീധനവുമായി ബന്ധപ്പെട്ട് മരണം സംഭവിക്കുമ്പോഴാണ് ?

A) 5 വർഷം
B) 7 വർഷം
C) 10 വർഷം
D) 6 വർഷം

100. ഒരു വ്യക്തി ലൈംഗിക ഉദ്ദേശത്തോടുകൂടി ഒരു കുട്ടിയെ അശ്ലീലകാര്യത്തിനായി വശീകരിച്ചാൽ പോക്സോ നിയമപ്രകാരം ഏത് കുറ്റമായി കണക്കാക്കും ?

A) ലൈംഗിക പീഡനം
B) സ്ത്രീത്വത്തെ അപമാനിക്കൽ
C) ലൈംഗികാതിക്രമം
D) ഗൗരവകരമായ ലൈംഗികാതിക്രമം